# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5740** **02.07.2019 ലെ മറുപടി**

## സംരക്ഷണ ഭിത്തികളുടെ പുനർനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന പുഴകളുടെ സൈഡ് ഭിത്തികളുടെയും സംരക്ഷണ ഭിത്തികളുടെയും പുനർനിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ ആവശ്യത്തിലേക്കായി സർക്കാർ അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടതെന്നും ഇവയിൽ ഏതെല്ലാം പൂർത്തീകരിച്ചെന്നും വ്യക്തമാക്കുമോ; ഇനി പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും അറിയിക്കുമോ ?

**മറുപടി**

(എ) & (ബി) പ്രളയത്തിൽ തകർന്ന വേങ്ങര നിയോജക മണ്ഡലത്തിലെ മാണിക്കോത്ത് കടവിൽ ഡി.ടി.പി.സി. ഇക്കോ വില്ലേജിനു സമീപം കടലുണ്ടിപ്പുഴയുടെ വലതുകര ബലപ്പെടുത്തുന്നതിനുള്ള പുനരുദ്ധാരണവും കേടുപാടുകൾ തീർക്കലും എന്ന പ്രവൃത്തിക്കായി എസ്.ഡി.ആർ.എഫിൽ 20.20 ലക്ഷം രൂപക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആർ.എം.എഫിൽ ഉൾപ്പെടുത്തി ചുവടെ പറയുന്ന പ്രവൃത്തികളുടെ ഡി.പി.ആർ പരിശോധിച്ചുവരുന്നു.

1. തിരൂരങ്ങാടി താലൂക്കിൽ പറപ്പൂർ വില്ലേജിൽ ഇരിങ്ങല്ലൂർ അംശം കുഴിപ്പുറം പാലത്തിന് മുകൾഭാഗത്ത് കടലുണ്ടിപുഴയുടെ വലതുകര സംരക്ഷണം-

2 പറപ്പൂർ പഞ്ചായത്തിൽ വാർഡ് ഒന്നിൽ ഇല്ലിപുലാക്കലിൽ കടലുണ്ടിപുഴയുടെ വലതുകര സംരക്ഷണം

3) വേങ്ങര നിയോജക മണ്ഡലത്തിൽ ഒതുക്കുങ്ങൽ പഞ്ചായത്തിൽ മറ്റത്തൂർ പാണക്കാട് ബ്രിഡ്ജിന് സമീപം കടലുണ്ടിപുഴയുടെ ഇടതുകര സംരക്ഷണം-

4) വേങ്ങര മണ്ഡലത്തിലെ ഒതുക്കുങ്ങൽ പഞ്ചായത്തിൽ മറ്റത്തൂർ മൂലപ്പറമ്പിൽ കടലുണ്ടിപുഴയുടെ ഇടതുകര സംരക്ഷണം

5) വേങ്ങര മണ്ഡലത്തിൽ വേങ്ങര പഞ്ചായത്തിൽ വാർഡ് 13 ൽ മാണമാട് പാലത്തിന് മുകൾഭാഗത്ത് മാഞ്ഞമാട് കടവിൽ കടലുണ്ടിപുഴയുടെ വലതുകര സംരക്ഷണം-

എ.ആർ നഗർ ഗ്രാമ പഞ്ചായത്തിലെ മൂഴിക്കൽ കോളനിയിൽ റി.സ.നം. 14/226 പി.എം. ജാഫറിന്റെ വീടിനു സമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം

7) എ.ആർ നഗർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 19, മമ്പുറം പുതിയ പാലത്തിന് മേൽഭാഗത്ത്-കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം-

8) എ.ആർ നഗർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 19, മൂഴിക്കലിൽ 293 സി നം. വീടിനു സമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം-

മേൽ പ്രവൃത്തികൾക്ക് RMF ൽ അംഗീകാരം ലഭിക്കുന്ന മുറക്ക് ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. കൂടാതെ വേങ്ങര പഞ്ചായത്തിലെ തേർക്കയം പാലത്തിന് താഴെയായി തേർക്കയം ഭാഗത്ത് കടലുണ്ടിപുഴയുടെ വലതുകര സംരക്ഷണത്തിനായി പര്യവേഷണ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് IDRB ൽ സാമ്പത്തിക അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്

താഴെപറയുന്ന പ്രവൃത്തികൾ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കും പ്രവൃത്തികളുടെ പ്രാധാന്യവും കണക്കിലെടുത്തു തുടർ നടപടി സ്വീകരിക്കുന്നതാണ്.

1) ഒതുക്കുങ്ങൽ പഞ്ചായത്തിൽ ഒന്നാം വാർഡിൽ കൈപ്പറ്റ, ഉമ്മിണിക്കടവ് പാലത്തിന് താഴ്ഭാഗത്ത് കടലുണ്ടിപുഴയുടെ ഇടതുകര സംരക്ഷണം.

2) ഒതുക്കുങ്ങൽ പഞ്ചായത്തിൽ മറ്റത്തൂർ തോട്ടക്കാടിൽ കടലുണ്ടിപുഴയുടെ ഇടതുകര സംരക്ഷണം.

3) പറപ്പൂർ പഞ്ചായത്തിൽ കുമൻകല്ല് പാലത്തിന് സമീപം കടലുണ്ടിപുഴയുടെ വലതുകര സംരക്ഷണം.

4) ഒതുക്കുങ്ങൽ പഞ്ചായത്തിൽ മറ്റത്തൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് താഴ്ഭാഗത്ത് കടലുണ്ടിപുഴയുടെ ഇടതുകര സംരക്ഷണം.

5) ഊരകം പഞ്ചായത്തിൽ പാണ്ടിക്കടവ് ഭാഗത്ത് കടലുണ്ടിപുഴയുടെ വലതുകര സംരക്ഷണം.

6) ഊരകം പഞ്ചായത്തിലെ വാർഡ് 16 ൽ ചാലിൽകുണ്ട് വേരേങ്ങൽമൂഴി ഭാഗത്ത് കടലുണ്ടിപുഴയുടെ വലതുകര സംരക്ഷണം

**സെക്ഷൻ ഓഫീസർ**